**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2705

12.03.2018-ൽ മറുപടിക്ക്

## പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ

തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അധീനതയിലുള്ള പാലക്കാട്ടെ സിവിൽ സർവ്വീസ് അക്കാദമിയുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി രണ്ടാംഘട്ട വികസന പ്രവർത്തികൾക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ പാലക്കാട് സെന്ററിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി, സെന്ററിന്റെ ക്ലാസ് റൂമുകളുടെ അപര്യാപ്തതയെ കുറിച്ച് വിദ്യാർത്ഥികളുടെ പരാതിയിന്മേൽ സെന്ററിന്റെ ഡയറക്ടർ സ്ഥലം സന്ദർശിക്കുകയും പാലക്കാട് എം.എൽ.എ ശ്രീ. ഷാഫി പറമ്പിലുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ നിലവിലുള്ള കെട്ടിടത്തിന് ഒന്നാം നില പണിയുന്നതിനായുള്ള നിർദ്ദേശം ലഭിയ്ക്കുകയും ആയതിന് ഉദ്ദേശം 125 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. (ഉദ്ദേശം 5380 ച.അടി). വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട ലൈബ്രറി സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി ഏർപ്പെടുത്തുന്നതിന് 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

2018-19 വർഷത്തിൽ മേൽ ആവശ്യത്തിനായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ബഹു. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.